ഉത്തരം

31.715 ജീവനക്കാർ

കെ. എസ്. ആർ. ടി. സി. യുടെ സബ് ഡിപ്പോകളുടെ എണ്ണം

308 [337] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യുടെ എത്ര സബ് ഡിപ്പോകളുണ്ട്;

(ബി) എത്ര ഓപ്പറേറ്റിംഗ് സെന്ററുകൾ ഉണ്ട്?

ഉത്തരം

(എ) 19 സബ് ഡിപ്പോകളുണ്ട്.

(ബി) 15 ഓപ്പറേറ്റിംഗ് സെന്ററുകളുണ്ട്.

വിളപ്പിൽ പഞ്ചായത്തിൽ മലപ്പനംകോട് റോഡിന്റെ പണി

309 [338] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം വികസന ബ്ലോക്കിന്റെ വിളപ്പിൽ പഞ്ചായത്തിലുള്ള മലപ്പനംകോട് റോഡിന്റെ പണി നിറുത്തിവയ്ക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1986 മാർച്ചിനുമുമ്പായി ഈ റോഡിന്റെ എല്ലാ പണികളും പൂർത്തിയാക്കാമെന്ന് കൺവീനർ ഏറ്റിരുന്നുവെങ്കിലും ഇതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ്

310 [339] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം വികസന ബ്ലോക്കിൽ ബാലരാമപുരം പഞ്ചായത്തിലെ പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പണി തുടങ്ങിയിട്ട് എത്ര കാലമായി എന്നു വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly